ആഗ്നിധ്രോ രാജാ തൃപ്ത: കാമാനാമപ്സരസമേവാനുദിനമധിമന്യമാനസ്തസ്യാ:
സാലോകതാം ശ്രുതിഭിരവാവരുന്ധ യത്ര പിതരോ മാദയന്തേ (5-2-22)

ശുകമുനി തുടർന്നു: പ്രിയവ്രതൻ ഭക്തിസാധനയിൽ മുഴുകിക്കഴിയുമ്പോൾ അദ്ദേഹത്തിന്റെ പുത്രൻ അഗ്നിധരൻ ജംബൂദ്വീപരാജ്യത്തെ നിയമാനുസൃതമായും നീതിപരമായും ഭരിച്ചു പോന്നു. തന്റെ കുടുംബത്തിന്റെ ധാർമ്മീകപാരമ്പര്യം നിലനിർത്താൻ ഗൃഹസ്ഥനായ ഒരുവൻ പുത്രലാഭത്തിനായി ആഗ്രഹിക്കുമല്ലോ. പിതൃക്കളെ പ്രസാദിപ്പിക്കുന്നതിനും ഒരു മകൻ വേണമല്ലോ. രാജാവ്, ഈ ആഗ്രഹനിവൃത്തിക്കായി സകലചരാചരസൃഷ്ടാവായ ഭഗവാനെ ധ്യാനിച്ചു. സൃഷ്ടാവ് ഒരു അപ്സരസ്സായ പൂർവ്വചിത്തിയെ അഗ്നിധരൻ ധ്യാനത്തിലിരിക്കുന്ന സ്ഥലത്തേക്ക് പറഞ്ഞുവിട്ടു. മന്ദരപർവ്വതത്തിൽ, അഗ്നിധരൻ തീവ്രധ്യാനത്തിലിരിക്കുന്ന സ്ഥലത്ത് പൂർവ്വചിത്തി എത്തിച്ചേർന്നു. അവിടെ ഉല്ലസിച്ചു നടന്നു. പ്രണയസാന്ദ്രമായ അന്തരീക്ഷം. പക്ഷികളുടെ കളകൂജനവും തേനീച്ചകളുടെ മൂളൽ സംഗീതവും കാട്ടുപൂക്കളുടെ സൗരഭ്യം പേറിയ മന്ദമാരുതനും ഉല്ലാസോദ്യാനങ്ങളും എല്ലാം കൊണ്ടും അവിടം ചേതോഹരമായിരുന്നു. രാജാവ് പതുക്കെ കണ്ണുതുറന്നപ്പോൾ കണ്ടത് അപ്സരസ്സിനെയാണ്. പ്രഥമദൃഷ്ട്യാ പ്രേമാകൃഷ്ടനായി അദ്ദേഹം പറഞ്ഞു.

“ഈ വനത്തിലിങ്ങിനെ കളിച്ചുല്ലസിക്കുന്ന നീ ആരാണ് ? മുനിമാരിലൊരാളാണോ ? നിന്റെ മുഖത്ത് രണ്ടു വില്ലുകൾ ഞാൻ കാണുന്നു. ആയത് ആത്മരക്ഷക്കുള്ള ആയുധമോ അതോ എന്നേപ്പോലെ ശക്തിഹീനരായവരെ കീഴടക്കുവാനുള്ളതോ? വില്ലിനു താഴെയുള്ള കണ്ണുകളിൽ നിന്നുള്ള നീണ്ട നോട്ടങ്ങളാകുന്ന അമ്പുകൾ ആർക്കു നേരെയാണ് നീ അയക്കുന്നത്? നിന്റെ ചുറ്റും മുരളുന്ന തേനീച്ചകൾ വൈദീകമന്ത്രം ചൊല്ലി നിന്നെ പൂജിക്കുകയാണോ എന്നെനിക്ക് തോന്നിപ്പോകുന്നു. മുനിമാർ ധരിക്കുന്ന വൽക്കലത്തിനു പകരം മഞ്ഞപ്പട്ടുപുടവയാണല്ലോ നീ ധരിച്ചിരിക്കുന്നത്. നിന്റെ മാറിടത്തിലെ ആ രണ്ടു കൊമ്പുകൾ എനിക്ക് വളരെ ഇഷ്ടമായിരിക്കുന്നു. അവയിൽ നീ എന്താണ് ഒളിപ്പിച്ചു വെച്ചിരിക്കുന്നത് ? നിന്റെ ജന്മദേശത്തെപ്പറ്റിയും എനിക്കറിയണം. അവിടെനിന്നാണല്ലോ നിന്നെപ്പോലെ മാറിടത്തിൽ കൊമ്പുകളുള്ള സൗന്ദര്യധാമങ്ങൾ വരുന്നത്. എന്നേപ്പോലെ മന:സ്ഥൈര്യമില്ലാത്തവരുടെ മനസ്സുലയ്ക്കാൻ പോന്നതാണ് ആ അപൂർവ്വജോടി അവയവങ്ങൾ. തീർച്ചയായും നീ ഭഗവാൻ വിഷ്ണുവിന്റെ ഒരു കിരണം തന്നെയാണ്. വിശ്വനാഥനാണല്ലോ ഭഗവാൻ. നീയെന്റെ മനസ്സിനെ പിടിച്ചുകെട്ടിയിരിക്കുന്നു. നീ പന്തടിച്ചു കളിക്കുന്നതു കാണുവാൻ തന്നെ എത്ര മനോഹരം. കാറ്റിന്റെ കുസൃതിയാൽ നിന്റെ വസ്ത്രം ഉലയുന്നതും എന്റെ അവസ്ഥയെ തീവ്രതരമാക്കുന്നു. ഇത്രയും മനോഹരമായ രൂപവിശേഷം കൈവരുത്താൻ ചെയ്യേണ്ട തപ:ശ്ചര്യകൾ എന്താണ്? മറ്റു മുനിമാരുടെ തപ:ശ്ചര്യകൾക്ക് ഭംഗം വരുത്താനുതകുന്ന രൂപഭംഗിയാണ് നിനക്കതുകൊണ്ടു കൈവന്നിട്ടുള്ളത്. നിന്നെക്കൂടാതെ എനിക്ക് ജീവിക്കുവാൻ വയ്യ. ഈശ്വരൻ എനിക്കായി വിട്ടതാണു നിന്നെ എന്നു ഞാൻ വിശ്വസിക്കുന്നു. നിനക്കിഷ്ടമുള്ള സ്ഥലത്തേക്ക് എന്നെ കൊണ്ടു പോയാലും.”

പൂർവ്വചിത്തിയും രാജാവിൽ അനുരക്തയായി. അങ്ങിനെ രാജാവിന്റെ പട്ടമഹിഷിയായി. അവർക്ക് നാഭി, കിംപുരുഷ, ഹരിവർ, ഇലാവൃത, രമ്യക, ഹിരൺമയ, കുരു, ഭദ്രാശ, കേതുമാല ഇങ്ങിനെ ഒൻപതു പുത്രന്മാർ. അവരെല്ലാം ശക്തരും അതികായരുമായിരുന്നു. രാജാവ് ഭരണച്ചുമതല അവർക്കായി വീതിച്ചു നൽകി. പൂർവ്വചിത്തി, ബ്രഹ്മലോകത്തേക്ക് തിരിച്ചു പോയി. രാജാവിന് ഇന്ദ്രിയസുഖസംതൃപ്തി ഇനിയും കൈവന്നിട്ടില്ലാത്തതിനാൽ പൂർവ്വചിത്തിയെത്തന്നെ ധ്യാനിച്ച് പിതൃലോകത്ത് അവളുടെ സവിധത്തിൽ എത്തിച്ചേർന്നു. അഗ്നിധരന്റെ ഒൻപതു പുത്രന്മാർ മേരുവിന്റെ പുത്രിമാരെ വിവാഹം ചെയ്തു.